പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

### അറുപത്തിനാലാമത് റിപ്പോർട്ട്

(2025 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) യുടെ 18.05.2023-ലെ പാലക്കാട്, നെല്ലിയാമ്പതി ഗവ.ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം സന്ദർശനയോഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2023-26)**

അറുപത്തിനാലാമത് റിപ്പോർട്ട്

(2025 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) യുടെ 18.05.2023-ലെ പാലക്കാട്, നെല്ലിയാമ്പതി ഗവ.ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം സന്ദർശനയോഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| റിപ്പോർട്ട് | : | |
| ശിപാർശകൾ / നിർദ്ദേശങ്ങൾ | : | |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിന്ദു, അണ്ടർ സെക്രട്ടറി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2023-2026)യുടെ അറുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) യുടെ 18.05.2023-ലെ പാലക്കാട്, നെല്ലിയാമ്പതി ഗവ.ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം സന്ദർശനയോഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് മാസം 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഫാം സന്ദർശന വേളയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 മാർച്ച് 20

## റിപ്പോർട്ട്

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) യുടെ 18.05.2023-ലെ പാലക്കാട്, നെല്ലിയാമ്പതി ഗവ.ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം സന്ദർശനയോഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

1940-കളിൽ ഭാരതത്തിലുണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമം കാർഷിക രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ രാജ്യത്തെ പ്രേരിപ്പിച്ചു. ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും രാജ്യത്തിന്റെ ഉപഭോഗത്തിനാവശ്യമായ ഉൽപാദനം കൈവരിക്കാനായില്ല. മറ്റു വികസ്വര രാഷ്ട്രങ്ങൾ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും രാസവളങ്ങളും പ്രയോജനപ്പെടുത്തി കാർഷിക ഉൽപാദനരംഗത്ത് കുതിച്ചുചാട്ടം കൈവരിച്ചതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഇന്ത്യയിൽ ഹരിത വിപ്ലവത്തിന് നാന്ദികുറിച്ചു. 1970-കളിലും 80-കളിലും ഹരിത വിപ്ലവത്തിന്റെ ഫലമായി ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ 1985-ന് ശേഷം ഹരിത വിപ്ലവത്തിന്റെ നേട്ടങ്ങളോട് വിട പറയുന്ന അവസ്ഥ സംജാതമായി. വിലക്കയറ്റവും വരൾച്ചയും ഭക്ഷ്യക്ഷാമവും വീണ്ടും തലപൊക്കി തുടങ്ങി. ഈ അവസരത്തിലാണ് സംസ്ഥാനതല പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടുകൂടി കൃഷിയും അനുബന്ധ മേഖലകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. മറ്റ് മേഖലകൾക്കൊപ്പം കാർഷിക മേഖലയുടെയും വികസനം എന്നതായിരുന്നു ഈ അധികാര കൈമാറ്റത്തിന്റെ ലക്ഷ്യം.

2. 38.86 ലക്ഷം ഹെക്ടർ ഭൂവിസ്തൃതിയുള്ള കേരളത്തിൽ കൃഷിക്ക് ഉപയുക്തമായ ഭൂമി ഏതാണ്ട് 53% മാത്രമാണ്. വിളവെടുക്കുന്ന സ്ഥലത്തിന്റെ അളവ് ഓരോ വർഷവും കുറഞ്ഞുവരുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഓണവും വിഷുവും കൊയ്ത്തുത്സവങ്ങളായി ആഘോഷിച്ചിരുന്ന കേരളം ഇന്ന് ഭക്ഷ്യവസ്തുക്കൾക്കായി അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. കേരളത്തിലെ കാർഷിക മേഖലയിലെ ഉൽപാദനം സംസ്ഥാന ഉപഭോഗത്തിന് തികയുന്നില്ല. ഈ അവസരത്തിൽ 'കൃഷി ഫാമുകളും, കാർഷികാഭിവൃദ്ധിയും' എന്ന പ്രവർത്തനക്ഷമത പരിശോധനാ വിഷയത്തിന് പ്രസക്തി ഏറുന്നു.

3. കാർഷിക വികസനത്തിനുള്ള അവശ്യ ഘടകങ്ങളിൽ പ്രധാനപ്പെട്ടവയാണ് ഉൽപാദനം വർദ്ധിപ്പിക്കുവാൻ കൃഷിക്കാരന് നൽകുന്ന സാങ്കേതിക ജ്ഞാനവും പ്രചോദനങ്ങളും. തകർച്ച നേരിടുന്ന കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യമൊട്ടാകെ കൃഷിഫാമുകൾ സ്ഥാപിതമായി. മേൽത്തരം വിത്തുകൾ, നടീൽ വസ്തുക്കൾ തുടങ്ങിയവ ഉൽപാദിപ്പിച്ച് കർഷകർക്ക് എത്തിക്കുക എന്നതോടൊപ്പം ശാസ്ത്രീയവും നവീനവുമായ കൃഷി രീതികൾ കർഷകന് പരിചയപ്പെടുത്തുക, കാർഷിക മേഖലയിൽ നടത്തപ്പെടുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ ഫലങ്ങൾ കർഷകരിലെത്തിക്കുക എന്നിവയും കൃഷിഫാമുകളുടെ ചുമതലയാണ്.

4. 1905-ൽ കണ്ണൂരിലെ തളിപ്പറമ്പ് താലൂക്കിലാണ് സംസ്ഥാനത്തെ ആദ്യ കൃഷിഫാം നിലവിൽ വന്നത്. നിലവിൽ സംസ്ഥാന സർക്കാരിന് കീഴിൽ 64 കൃഷിഫാമുകൾ പ്രവർത്തിക്കുന്നു. ഇതിൽ 10 ജില്ലാ കൃഷിത്തോട്ടങ്ങളും 13 സ്പെഷ്യൽ ഫാമുകളും 33 വിത്തുൽപാദന കേന്ദ്രങ്ങളും 8 തെങ്ങിൻതൈ ഉൽപാദന കേന്ദ്രങ്ങളും ഉൾപ്പെടുന്നു. ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ സ്പെഷ്യൽ ഫാമുകൾ ഒഴികെയുള്ള ഫാമുകൾ ജില്ലാപഞ്ചായത്തുകളുടെ നിയന്ത്രണത്തിലായി. സംസ്ഥാനമൊട്ടാകെ ജില്ലാപഞ്ചായത്തുകളുടെ കീഴിൽ 51 കൃഷി ഫാമുകൾ പ്രവർത്തിക്കുന്നു.

5. വിത്തുൽപാദന കേന്ദ്രങ്ങൾ ഉൽപാദിപ്പിക്കുന്ന വിത്തുകൾ സംസ്ഥാന സീഡ് അതോറിറ്റി സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു. ജില്ലാ കൃഷിത്തോട്ടങ്ങളിൽ നിന്നും ഗുണമേന്മയേറിയ വിവിധ വിളകളുടെ നടീൽ വസ്തുക്കളും പച്ചക്കറി വിത്തുകളും ഉൽപാദിപ്പിച്ച് കൃഷി ഭവനുകൾ വഴിയും നേരിട്ടും കർഷകർക്ക് മിതമായ നിരക്കിൽ നൽകി വരുന്നു. കൂടാതെ വിവിധ പദ്ധതികളിൽ സംഭരിക്കുന്ന വിത്തുതേങ്ങകൾ കോക്കനട്ട് നഴ്സറികളിൽ പാകി തെങ്ങിൻ തൈകളാക്കി വിവിധ പദ്ധതികളിലൂടെ കർഷകർക്ക് വിതരണം ചെയ്തു വരുന്നു.

6. കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23), 20.04.2023-ൽ ചേർന്ന യോഗത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അധ്യായം 3.2 ലെ 'കൃഷിഫാമുകളും കാർഷികാഭിവൃദ്ധിയും' എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിക്കവേ, 2023 മെയ് മാസം പാലക്കാട് നെല്ലിയാമ്പതിയിലെ, സർക്കാർ ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം സന്ദർശിക്കുവാൻ തീരുമാനിച്ചു.

7. നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം ഉൾപ്പെടുന്ന പ്രദേശം കൊച്ചി രാജവംശത്തിന്റെ കീഴിൽ കാപ്പിയും തേയിലയും കൃഷി ചെയ്യുന്നതിനുവേണ്ടി 32 കമ്പനികൾക്ക് നൽകിയെന്നാണ് ചരിത്രം. ബ്രിട്ടീഷുകാരുടെ കാലത്ത് ആയിരം ഹെക്ടറോളം വിസ്തൃതിയുണ്ടായിരുന്ന പോളിയ എസ്റ്റേറ്റ് എന്ന പേരിലറിയപ്പെട്ടിരുന്ന ഫാമിൽ പ്രധാനമായും ഓറഞ്ച് കൃഷിയാണ് ചെയ്തിരുന്നത്. 1943-ൽ പുലയൻപാറ കാപ്പിത്തോട്ടങ്ങളെ ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം എന്ന് പുനർനാമകരണം ചെയ്യുകയും 1955-ൽ കാർഷിക ഗവേഷണ കേന്ദ്രമാക്കി മാറ്റുകയും തുടർന്ന് 1956-ൽ ഗവൺമെന്റ് ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതി എന്ന് നാമകരണം ചെയ്യുകയും ചെയ്തു.

8. ഫാമിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി, 2023 മെയ് 18-ാം തീയതി പാലക്കാട് നെല്ലിയാമ്പതി ഗവ. ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ഫാം സന്ദർശിക്കുകയും ചെയ്തു. ഫാം സൂപ്രണ്ട് പവർ പോയിന്റ് പ്രസന്റേഷനിലൂടെ ഫാമിന്റെ പ്രവർത്തനങ്ങളും ഫാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും

സമിതി മുമ്പാകെ വിശദീകരിച്ചു.

9. ഏകദേശം 339.1185 ഹെക്ടർ വിസ്തൃതിയുണ്ടായിരുന്ന ഫാമിൽ 112.26 ഹെക്ടറോളം സ്ഥലം എസ്.ടി. വിഭാഗങ്ങളിലെ 70 കുടുംബങ്ങൾക്കും 18.1297 ഹെക്ടർ സ്ഥലം മറ്റ് സർക്കാർ സ്ഥാപനങ്ങൾക്കുമായി കൈമാറിയിട്ടുണ്ടെന്നും നിലവിൽ ഫാമിന്റെ അധീനതയിൽ 208.639 ഹെക്ടർ സ്ഥലമുള്ളതിൽ 171 ഹെക്ടർ സ്ഥലത്ത് മാത്രമാണ് കൃഷി ചെയ്യുന്നതെന്നും പ്രധാനമായും പഴവർഗ്ഗങ്ങളാണ് കൃഷി ചെയ്യുന്നതെന്നും പഴങ്ങൾ സംസ്കരിച്ച് ഉത്പന്നങ്ങളാക്കി വിപണിയിൽ എത്തിക്കുന്നതിനായി ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്നും 80 ഹെക്ടറിൽ ഇടവിളയായി കാപ്പിയും 25 ഹെക്ടറോളം സ്ഥലത്ത് ഓറഞ്ചും കൃഷി ചെയ്യുന്നുണ്ടെന്നും ഫാം സൂപ്രണ്ടിന്റെ വിശദീകരണത്തിൽ നിന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ബ്രിട്ടീഷുകാർ നട്ടുവളർത്തിയ ഓറഞ്ച് മരങ്ങളിൽ കാലപ്പഴക്കം മൂലം കായ്ഫലം കുറയുകയും മരങ്ങൾ പലതും നശിക്കുകയും ചെയ്തതിനാൽ അവ വെട്ടിമാറ്റിയതിനുശേഷം 2016-ൽ വച്ചുപിടിപ്പിച്ച ഓറഞ്ച് മരങ്ങളായ നാഗ്പൂർ ഹൈബ്രിഡ്, കൂർഗ് മന്ദാരിൻ, നെല്ലിയാമ്പതി നാടൻ തുടങ്ങിയവയാണ് നിലവിൽ ഉള്ളതെന്നും മറ്റൊരു പ്രധാനപ്പെട്ട വിളയായ ചുവന്ന നിറത്തിലുള്ള നാടൻ പേരയ്ക്ക പ്രോസസ് ചെയ്ത് 'guava jelly' എന്ന പേരിൽ വിപണനം ചെയ്യുന്നുണ്ടെന്നും ഏകദേശം 12.3 ഹെക്ടർ സ്ഥലത്ത് നാരങ്ങ വർഗ്ഗത്തിൽപ്പെട്ട ഫലങ്ങളും 10 ഹെക്ടറോളം സ്ഥലത്ത് പാഷൻ ഫ്രൂട്ടും കൃഷി ചെയ്യുന്നുണ്ടെന്നും ജാം, ജെല്ലി, സ്ക്വാഷ്, അച്ചാർ തുടങ്ങിയ ഉത്പന്നങ്ങളും ഇവിടെ തയ്യാറാക്കി വരുന്നുവെന്നും മാങ്ങയും പ്രൊജനി ഓർച്ചാഡും (PROGENY ORCHARD) ചെറിയ രീതിയിൽ കൃഷി ചെയ്യുന്നുവെന്നും തണുത്ത കാലാവസ്ഥയിൽ വളരുന്ന കാബേജ്, കോളിഫ്ലവർ, കാരറ്റ്, ബീറ്റ്റൂട്ട്, ബ്രൊക്കോളി, ചൈനീസ് കാബേജ്, ബീൻസ് എന്നിവയും കൃഷി ചെയ്യുന്നുണ്ടെന്നും സമിതിക്ക് വ്യക്തമായി.

10. ഫാമിൽ സെപ്റ്റംബർ - ഒക്ടോബർ മാസത്തിൽ വിളവിറക്കുകയും ഫെബ്രുവരി - മാർച്ച് മാസത്തിൽ വിളവെടുപ്പ് നടത്തുകയും ചെയ്യുന്നുണ്ടെന്നും 2022-ൽ 15 ടൺ പച്ചക്കറി ഉത്പാദിപ്പിച്ച് ഹോർട്ടികോർപ്പിന്റെ പ്രീമിയം കൗണ്ടർ വഴി വിൽപ്പന നടത്താനും അതോടൊപ്പം നല്ല രീതിയിൽ ഉരുളക്കിഴങ്ങ് ഉത്പാദിപ്പിക്കാനും സാധിച്ചിട്ടുണ്ടെന്നും ലിച്ചി, റംബൂട്ടാൻ, സുറിനാം ചെറി, വെസ്റ്റ് ഇൻഡ്യൻ ചെറി തുടങ്ങിയ വിവിധയിനം പഴവർഗ്ഗങ്ങൾ ഫാമിൽ കൃഷി ചെയ്തുവരുന്നുണ്ടെന്നും ഓർണമെന്റൽ പ്ലാന്റ്സ് വിഭാഗത്തിൽപ്പെട്ട ഓർക്കിഡ്, ആന്തൂറിയം എന്നിവയും ചെമ്പരത്തിയുടെ 12-ഓളം ഇനങ്ങൾ, ബൊഗൈൻ വില്ല, പോയിൻ സൈറ്റിയ, ഹൈഡ്രാഞ്ചിയ തുടങ്ങിയവയും കൃഷി ചെയ്യുന്നുണ്ടെന്നും ഫാമിലെ പഴവർഗ്ഗങ്ങളെല്ലാം സംസ്കരണ ശാലയിലെത്തിച്ച് സംസ്കരിച്ചെടുക്കുകയും പച്ചക്കറിയിനങ്ങൾ മാത്രം വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ടെന്നും ക്യാരറ്റും ബീറ്റ്റൂട്ടും സംസ്കരിച്ച് സ്ക്വാഷായി വിൽപ്പന നടത്തുന്നുണ്ടെന്നും ഫാം സൂപ്രണ്ടിന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

11. ഫാമിൽ 91 സ്ഥിരം ജീവനക്കാരും 66 കാഷ്വൽ ജീവനക്കാരുമുൾപ്പെടെ 157 ജീവനക്കാരാണുള്ളതെന്നും ഫാമിന്റെ വിസ്തൃതിയുമായി താരതമ്യം ചെയ്യുമ്പോൾ ജീവനക്കാർ അപര്യാപ്തമാണെന്നും ഫാമിൽ രണ്ട് കൃഷി അസിസ്റ്റന്റുമാരെ കൂടാതെ ഒരാളെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ടെന്നും എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ നോക്കുന്നതിനായി ഒരു ഹെഡ് ക്ലാർക്കും മൂന്ന് ക്ലാർക്കുമുള്ളതിൽ ഹെഡ് ക്ലാർക്ക് 6 മാസക്കാലമായി അവധിയിലാണെന്നും ഫാമിലെ മുഴുവൻ ഏരിയയെയും 20 ബ്ലോക്കായി തിരിക്കുകയും ഓരോ ബ്ലോക്കിലും തൊഴിലാളികൾക്ക് ടാർജറ്റ് നിശ്ചയിച്ച് ഉത്പാദനം വർദ്ധിപ്പിക്കാൻ 2023 ഏപ്രിൽ 1 മുതൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഓരോ ബ്ലോക്കിലും ഒരു ലീഡറെ തെരഞ്ഞെടുക്കുകയും സ്ഥിരം ജീവനക്കാരെയും കാഷ്വൽ ജീവനക്കാരെയും ഇടകലർത്തി ഗ്രൂപ്പ് തിരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഫാം സൂപ്രണ്ട് ബോധിപ്പിച്ചു. 1960-ൽ ആരംഭിച്ച ഫുഡ് പ്രോസസിംഗ് യൂണിറ്റിൽ ഫുഡ് ടെക്നോളജിസ്റ്റിനെ നിയമിച്ചിട്ടില്ലെന്നും ഒരു വർഷം 20000 ബോട്ടിൽ ഉൽപ്പന്നങ്ങളാണ് തയ്യാറാക്കുന്നതെന്നും ഫാമിലെ പഴം സംസ്കരണശാലയിൽ നിന്നും ഓറഞ്ച്, പാഷൻ ഫ്രൂട്ട്, ലെമൺ, ഗ്വാവാ സ്ക്വാഷുകൾ, ജെല്ലികൾ, അച്ചാറുകൾ, മിക്സഡ് ഫ്രൂട്ട് ജാം തുടങ്ങിയ 45-ഓളം ഇനങ്ങൾ ഫ്രൂട്ട് നെൽ എന്ന പേരിൽ വിപണനം നടത്തുന്നുണ്ടെന്നും നിലവിൽ സംസ്കരണശാലയിലെ മെഷീനറികൾ ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ മാന്വലായാണ് ഉത്പാദനം നടത്തുന്നതെന്നും ഇതിനുപുറമെ, പാലക്കാട് ജില്ലയിലെ മറ്റ് ഫാമുകളിൽ നിന്നും ലഭിക്കുന്ന പഴവർഗ്ഗങ്ങളും പ്രോസസ് ചെയ്തുവരുന്നുണ്ടെന്നും കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻഡായ 'കേരള അഗ്രോ' എന്ന ഓൺലൈൻ സംവിധാനത്തിലൂടെ 10 ഉൽപ്പന്നങ്ങൾ ഓൺ ബോർഡ് ചെയ്ത് നല്ല രീതിയിൽ വിൽപ്പന നടത്തുന്നുണ്ടെന്നും ഫ്ലിപ്കാർട്ടിലും ആമസോണിലും ഉൽപ്പന്നം ലഭ്യമാണെന്നും കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും പരിശീലനം ലഭിച്ച 13 തൊഴിലാളികളാണ് പ്രോസസിംഗ് യൂണിറ്റിലുള്ളതെന്നും പ്രധാനപ്പെട്ട ഇടവിള കൃഷിയായ സ്ട്രോബറി പ്രോസസ് ചെയ്ത് സ്ക്വാഷായി വിതരണം ചെയ്യുന്നുണ്ടെന്നും കുരുമുളക് പോളി ഹൗസുകളിലാണ് കൃഷി ചെയ്യുന്നതെന്നും സമിതിക്ക് വ്യക്തമായി. സെർപ്പെന്റയിൻ രീതിയിലൂടെ കുരുമുളക് മൾട്ടിപ്ലൈ ചെയ്ത് ഫാമിലെ മരങ്ങളിൽ മുഴുവൻ പടർത്തിയിട്ടുണ്ടെന്നും മുൻ വർഷം പതിനായിരം കുരുമുളക് വള്ളികൾ സെർപ്പെന്റയിൻ രീതിയിലൂടെ മൾട്ടിപ്ലൈ ചെയ്ത് ഫാമിൽ നട്ടുപിടിപ്പിച്ചിട്ടുണ്ടെന്നും ഇവ പുറത്ത് വിൽപ്പന നടത്താറില്ലെന്നും ഒരു കോടി ഫലവൃക്ഷത്തൈ പദ്ധതിയുടെ ഭാഗമായി ഏകദേശം ഒരു ലക്ഷം ഫലവൃക്ഷത്തൈകൾ മറ്റ് കൃഷി ഭവനുകളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും ഡ്രാഗൺ ഫ്രൂട്ടിന്റെ ഡെമോൺസ്ട്രേഷൻ പ്ലോട്ട് ആരംഭിച്ചിട്ടുണ്ടെന്നും മലേഷ്യൻ ഇനം ഡ്രാഗൺ ഫ്രൂട്ട് പുതുതായി നട്ടുപിടിപ്പിച്ചിട്ടുണ്ടെന്നും മൊസംബിയുടെ ഡെമോൺസ്ട്രേഷൻ പ്ലോട്ടും ചെയ്തിട്ടുണ്ടെന്നും ലെയറിംഗ് മെത്തേഡിലൂടെ മാസ് മൾട്ടിപ്ലിക്കേഷൻ ചെയ്യാൻ

തീരുമാനിച്ചിട്ടുണ്ടെന്നും വിത്ത് മുളപ്പിച്ച് പാഷൻ ഫ്രൂട്ട് കൂടുതലായി വിതരണം ചെയ്യുന്നുണ്ടെന്നും ഗുണമേന്മ ഉറപ്പുവരുത്താനായി ഫ്രൂട്ട്സ് പ്ലാന്റിന്റെയും ഓർണമെന്റൽസിന്റെയും ലെയറിംഗും കട്ടിംഗും ചെയ്യുന്നുണ്ടെന്നും വാണിജ്യ മൂല്യമുള്ള ബോഗൈൻ വില്ല, പോയിൻ സൈറ്റിയ, ചെമ്പരത്തി തുടങ്ങിയ ഇനങ്ങളും ചെറി, സുറിനാം ചെറി, വെസ്റ്റ് ഇൻഡ്യൻ ചെറി, ജാംബ, പാഷൻ ഫ്രൂട്ട് തുടങ്ങിയ ഫ്രൂട്ട് ഇനങ്ങളും നാരകത്തിന്റെ വിവിധ ഇനങ്ങളും ഈ രീതിയിലൂടെ മൾട്ടിപ്ലൈ ചെയ്ത് ഗുണമേന്മയുള്ള 25,000 തൈകൾ നടപ്പ് വർഷം വിതരണം ചെയ്യാനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടെന്നും കഴിഞ്ഞ വർഷം 7 തേനീച്ച പെട്ടികൾ സ്ഥാപിക്കുകയും തൊഴിലാളികൾക്ക് തേനീച്ച കൃഷിയിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ടെന്നും അടതാപ്, വാനില, ചേനയിലെ ഗജേന്ദ്ര എന്ന ഇനം എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും ഫാം സൂപ്രണ്ടിന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

12. പാവങ്ങളുടെ ഊട്ടി എന്നറിയപ്പെടുന്ന നെല്ലിയാമ്പതിയിൽ കർഷകരുടെ എണ്ണം കുറവായതിനാൽ ഏറ്റവും വലിയ സാധ്യത ഫാം ടൂറിസത്തിനാണെന്നും Agricultural Technology Management Agency (ATMA) Scheme-ന്റെ ഭാഗമായി കൃഷിയോട് താൽപ്പര്യമുള്ള ആളുകൾ മാത്രമാണ് ഇവിടെ സന്ദർശനം നടത്തുന്നതെന്നും നെല്ലിയാമ്പതിയിൽ പ്രൈവറ്റ് എസ്റ്റേറ്റുകളാണ് കൂടുതലായുള്ളതെന്നും സീസൺ സമയത്ത് ഏകദേശം 12000 വിനോദ സഞ്ചാരികൾ ഫാം സന്ദർശിക്കാറുണ്ടെന്നും ഫാം ടൂറിസം വിദഗ്ധരുടെ അഭിപ്രായം ആരാഞ്ഞ ശേഷം വിപുലമായ സംവിധാനത്തോടുകൂടി ആരംഭിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും ഫാം സൂപ്രണ്ട് വ്യക്തമാക്കുകയുണ്ടായി.

13. ഫാമിൽ റോബസ്റ്റ് അറബിക്ക കാപ്പി ഇനം കൃഷി ചെയ്യുന്നുണ്ടെന്നും കഴിഞ്ഞ വർഷം ഇ-ടെണ്ടറിലൂടെ 18.50 ലക്ഷം രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുള്ളതായും ഏകദേശം 80 ഹെക്ടറോളം സ്ഥലത്ത് കാപ്പി കൃഷി ചെയ്തിട്ടുണ്ടെങ്കിലും ഉത്പാദനം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും കോഫി ഉത്പാദനത്തിൽ മാനേജ്മെന്റ് വേണ്ടത്ര ശ്രദ്ധ നൽകുന്നില്ലെന്നും തൊഴിലാളികളുടെ അഭാവം മൂലം ടി മേഖലയിലേയ്ക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നില്ലെന്നും നടപ്പു വർഷം 20 ടീമായി തിരിച്ച് ജോലി വിഭജിച്ച് നൽകിയ അവസരത്തിൽ ഒരു ടീമിന് കാപ്പിയുടെ പരിപാലനത്തിന്റെ ചുമതല നൽകിയതിലൂടെ അടുത്ത വർഷം ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണെന്നും കൊമേഴ്സ്യൽ ഫ്ലോറികൾച്ചർ ഇനത്തിൽ നല്ലൊരു സാധ്യതയുണ്ടെന്നും ഫാം സൂപ്രണ്ട് സമിതി മുൻപാകെ വിശദീകരിച്ചു. കേരളത്തിൽ മണ്ണുത്തി ഉൾപ്പെടെയുള്ള കേന്ദ്രങ്ങളിലേയ്ക്ക് പൂനെ, ഹൊസൂർ എന്നിവിടങ്ങളിൽ നിന്നുമാണ് തൈകൾ കൊണ്ടുവരുന്നതെന്നും ബൊഗൈൻ വില്ല, പോയിൻ സൈറ്റിയ, ചെമ്പരത്തി എന്നിവ മൾട്ടിപ്പിൾ ചെയ്യാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഫാമിലെ പോളിഹൗസിൽ നിന്നും 40000-ത്തോളം തൈകൾ ഉത്പാദിക്കുന്നുണ്ടെന്നും നെല്ലിയാമ്പതിയിലെ ഓറഞ്ച്

തോട്ടത്തിൽ കുമിൾ രോഗബാധ രൂക്ഷമാണെന്നും പ്രളയത്തിനുശേഷം മണ്ണിലെ പോഷകാംശങ്ങളുടെ അളവ് കുറയുകയും ന്യൂട്രിയന്റ് ഡെഫിഷ്യൻസി വർദ്ധിക്കുകയും ചെയ്തിട്ടുണ്ടെന്നും ഫാമിലെ ഒരു ബ്ലോക്കിലെ മണ്ണിന്റെ സാമ്പിൾ കാർഷിക സർവ്വകലാശാലയിൽ പരിശോധിച്ചതിൽ നിന്നും മൈക്രോന്യൂട്രിയൻസിന്റെ കുറവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇത് പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ കീഴിൽ പൂനെയിലുള്ള ഓറഞ്ചിന്റെ ഗവേഷണ സ്ഥാപനത്തിൽ നിന്നും പരിഹാര മാർഗ്ഗങ്ങൾ തേടുകയും അവിടെനിന്നുമുള്ള ഓറഞ്ച് തൈകൾ ഫാമിൽ നട്ടുവളർത്താനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ഫാം സൂപ്രണ്ട് സമിതിയെ ബോധ്യപ്പെടുത്തി. കാർഷിക സർവ്വകലാശാലയിൽ നിന്നും ഓറഞ്ചിന്റെയും പാഷൻ ഫ്രൂട്ടിന്റെയും ഉത്പാദനം വർദ്ധിപ്പിക്കാനാവശ്യമായ നിർദ്ദേശങ്ങളൊന്നും ലഭിക്കാത്തതിനാൽ ഇക്കാര്യത്തിൽ നാഗ്പൂർ റിസർച്ച് സെന്ററിന്റെ സഹായം തേടിയെന്നും ഇതിനുപുറമെ ഐ.എച്ച്.ആർ.ഡി.യുടെ കൂർഗിലെ സെന്ററുമായി ബന്ധപ്പെട്ടപ്പോൾ ആവശ്യമായ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും ഓറഞ്ച് ഉത്പാദനത്തിൽ വേണ്ടത്ര വളർച്ച നേടിയെടുക്കാൻ സാധിച്ചിട്ടില്ലെന്നത് വസ്തുതയാണെന്നും ഒരു തവണ കുമിൾ രോഗത്തിനുള്ള പ്രതിരോധ മരുന്ന് തളിച്ചാലും തുടർന്നുള്ള മഞ്ഞ് കാലമാകുമ്പോൾ വീണ്ടും രോഗബാധ വർദ്ധിക്കുന്ന സ്ഥിതിയാണുള്ളതെന്നും ഫാമിന്റെ സാമ്പത്തിക സ്ഥിതി മോശമാണെന്നും മുൻ സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളവും കൂലിയും ഉൾപ്പെടുത്താതെ 6,17,826 രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളതെന്നും ഫാം സൂപ്രണ്ടിന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു.

14. തൊഴിലാളികളുടെ എണ്ണത്തിനും ഫാമിന്റെ വിസ്തൃതിക്കുമനുസരിച്ച് ജീവനക്കാരില്ലാത്തത് പ്രധാന പ്രശ്നമാണെന്നും പലപ്പോഴും കാര്യശേഷി കുറവുള്ളവരും താൽപ്പര്യമില്ലാത്തവരും രോഗബാധിതരുമായവർ ജോലിയിൽ പ്രവേശിച്ചതിനുശേഷം അവധിയെടുക്കുന്ന സ്ഥിതി നിലനിൽക്കുന്നുണ്ടെന്നും ആയതിന് പരിഹാരമായി ഫാമിലെ പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ളവരും ജോലി ചെയ്യാൻ സന്നദ്ധരും പരിചയസമ്പന്നരും കാര്യശേഷിയുള്ളവരുമായ ജീവനക്കാരെ ചുരുങ്ങിയത് സ്ഥിരമായി അഞ്ച് വർഷത്തേയ്ക്ക് എങ്കിലും ഫാമിൽ നിയമിക്കുന്നതാണ് ഉചിതമെന്നും ഫാം സൂപ്രണ്ട് സമിതി മുമ്പാകെ ബോധിപ്പിച്ചു. തൊഴിലാളികളുടെ ജോലി സമയം 8 മണിക്കൂറാണെങ്കിലും ഫീൽഡിൽ അവരുടെ സേവനം ലഭിക്കുന്നില്ലെന്നും മസ്റ്ററിംഗ് സമയത്ത് എല്ലാ തൊഴിലാളികളും ഹാജരാകുന്നുണ്ടെന്നും രാവിലെ 7.30 മുതൽ വൈകുന്നേരം 4.30 വരെ ജോലി സമയം നിശ്ചയിച്ചിട്ടുള്ള ഫാമിൽ ഒരു മണിക്കൂർ ഉച്ചഭക്ഷണത്തിന് ഇടവേള അനുവദിക്കുന്നുണ്ടെന്നും ഹൈക്കോടതിയുമായി ബന്ധപ്പെട്ട് ധാരാളം ക്രിമിനൽ കേസ്സുകൾ ഫാമിൽ കൈകാര്യം ചെയ്യുന്നതിനാൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൈകാര്യം ചെയ്യാൻ മാത്രം ഒരു ജീവനക്കാരൻ ആവശ്യമാണെന്നും ഫാം സൂപ്രണ്ടിന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

15. ഫാമിലെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും തൊഴിലാളിയെ മാറ്റി നിയമിച്ചാലുടൻ ഇടപെടലുണ്ടാകുന്നുണ്ടെന്നും ഇത്തരം പ്രവൃത്തികൾ മൂലം ഫീൽഡിലുള്ള കൃഷി അസിസ്റ്റന്റുമാർ മാനസിക ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും പ്രാഗത്ഭ്യമുള്ള തൊഴിലാളികളെ ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് മാറ്റുന്നതിലൂടെ ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിക്കാത്ത സ്ഥിതി സംജാതമാകുകയാണെന്നും ഈ കാരണങ്ങൾ കൊണ്ടാണ് ഫാം ആറ് കോടിയിൽ പരം രൂപയുടെ നഷ്ടത്തിലേയ്ക്ക് പോകാനിടയായതെന്നും ഫാമിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ചേരുന്ന യോഗങ്ങളിൽ യൂണിയൻ നേതാക്കൾ സജീവമായി പങ്കെടുത്ത് അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമെങ്കിലും തൊഴിലാളികളുടെ ജോലിയുമായി ബന്ധപ്പെട്ട് നൽകുന്ന നിർദ്ദേശങ്ങളിന്മേൽ മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് നടപടി സ്വീകരിച്ചാൽ പ്രതിലോമകരമായ നിലപാടാണ് അവർ സ്വീകരിക്കുന്നതെന്നും ഫാം സൂപ്രണ്ട് സമിതി മുൻപാകെ ബോധിപ്പിക്കുകയുണ്ടായി.

16. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ ആത്മാർത്ഥമായി ജോലി ചെയ്യാൻ തയ്യാറായാൽ ഫാമുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ ഇടപെടൽ നടത്താമെന്ന് സമിതി അറിയിച്ചു. വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നാൽ പ്രശ്നപരിഹാരം സാധിക്കുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

17. സാധാരണ നിലയിലുള്ള ആകസ്മിക അവധിക്കും സിക്ക് ലീവിനും പുറമെ നെല്ലിയാമ്പതിയിൽ നിന്നും നെന്മാറയിലെ ആശുപത്രിയിൽ പോകുന്നതിനായി മാസത്തിൽ മൂന്ന് തവണ പെർമിഷൻ ലീവ് അനുവദിക്കാറുണ്ടെന്നും പ്രതിവർഷം ഏകദേശം 36 ലീവ് ഈയിനത്തിൽ തൊഴിലാളികൾ എടുക്കുന്നുണ്ടെന്നും നെല്ലിയാമ്പതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രിയുടെ അഭാവമുള്ളതിനാൽ തൊഴിലാളികൾക്ക് ചികിത്സയ്ക്കായി നെന്മാറയിലേയ്ക്ക് പോകേണ്ടിവരുന്നുവെന്നത് വസ്തുതയാണെന്നും എന്നിരുന്നാലും ഇക്കാരണം പറഞ്ഞ് മാസത്തിൽ മൂന്ന് പെർമിഷൻ ലീവ് കൃത്യമായെടുക്കുന്ന ധാരാളം ജീവനക്കാരുണ്ടെന്നും ഫാമിൽ ജീവനക്കാരുടെ അഭാവമുള്ളതിനാൽ പത്ത് കൊല്ലം മുമ്പ് പെൻഷനായവരുടെ ആനുകൂല്യം പോലും നൽകാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്നും ഫാമിലെ 157 ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾപ്പെടെയുള്ളവ കൈകാര്യം ചെയ്യാൻ ഒരാൾ മാത്രമാണുള്ളതെന്നും ഫാം സൂപ്രണ്ട് വിശദീകരിച്ചു. ജോലിഭാരം കാരണം പഴയ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നില്ലെന്നും ജില്ലാ ഓഫീസിൽ നിന്നും രണ്ടുപേരുടെ സേവനം ഇടവിട്ടുള്ള ദിവസങ്ങളിൽ ലഭിച്ചാൽ മാത്രമെ പെൻഡിംഗ് ജോലികൾ തീർക്കാൻ സാധിക്കുകയുള്ളുവെന്നും നെല്ലിയാമ്പതി ഫാമിലെ വിസ്തൃതിയും ജീവനക്കാരുടെ എണ്ണവും മറ്റ് 64 ഫാമുകളുമായി താരതമ്യപഠനം നടത്തിയാൽ മാത്രമെ ഫാമിലെ പോരായ്മകൾ

മനസ്സിലാക്കാൻ സാധിക്കുകയുള്ളുവെന്നും ഹിയറിംഗിനും കോടതിയ്ക്കുമുള്ള സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കുന്നതിനും പ്രശ്നങ്ങൾ തീർപ്പാക്കുന്നതിനുമാണ് നിലവിൽ കൂടുതൽ സമയവും ചെലവഴിക്കുന്നതെന്നും ആഴ്ചയിൽ മൂന്ന് ഹിയറിംഗെങ്കിലും നടത്തേണ്ടിവരുമെന്നും അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ (ഫാംസ്) നൽകിയ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

18. തൊഴിലാളികളുടെ പി.എഫ്. ആനുകൂല്യവും അവധി അപേക്ഷകളുൾപ്പെടെയുള്ളവയും പരിഹരിച്ച് നൽകിയാൽ അവരെക്കൊണ്ട് ജോലി ചെയ്യിക്കാൻ സാധിക്കുമെന്നും പി.എഫ്.ൽ നിന്നും പണം പിൻവലിക്കാൻ അപേക്ഷ സമർപ്പിച്ച് രണ്ട് മാസം കഴിഞ്ഞാൽപോലും തുടർനടപടി സ്വീകരിക്കാൻ സാധിക്കുന്നില്ലെന്നും മെച്ചപ്പെട്ട ഇന്റർനെറ്റ് സൗകര്യത്തിന്റെ അഭാവവും വൈദ്യുതി ഇടയ്ക്കിടയ്ക്ക് മുടങ്ങുന്നതും ഫാമിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടെന്നും ഹൈറേഞ്ചായതിനാൽ വൈദ്യുതി മുടങ്ങിക്കഴിഞ്ഞാൽ പുനസ്ഥാപിക്കാൻ കാലതാമസം നേരിടുന്നുണ്ടെന്നും മഴക്കാലത്ത് പ്രത്യേകിച്ച് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും ഫാമിലുള്ള ചെറിയ ജനറേറ്റർ ഉപയോഗിച്ച് മുഴുവൻ ഏരിയയിലും വൈദ്യുതി എത്തിക്കാൻ സാധിക്കില്ലെന്നും ഫാമിന്റെ കീഴിലുള്ള സ്ഥലങ്ങൾ ഇനിയും കൃഷിയോഗ്യമാക്കാനുണ്ടെന്നും ശാസ്ത്രീയമായ വിളപരിപാലന മുറകൾ ഓറഞ്ച്, കാപ്പി എന്നീ വിളകളിൽ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നും ഫാം സൂപ്രണ്ട് വിശദീകരിച്ചതിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

19. ഫാമിൽ വന്യജീവികളുടെ ആക്രമണം രൂക്ഷമാണെന്നും കുരങ്ങ്, മയിൽ എന്നിവ തോട്ടങ്ങളിൽ കയറി പഴവർഗ്ഗങ്ങൾ നശിപ്പിക്കുന്നത് തടയുന്നതിനായി അധികവേതനം നൽകി തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ടെന്നും ഓറഞ്ച്, പാഷൻ ഫ്രൂട്ട് പോലുള്ള പഴവർഗ്ഗങ്ങൾ മോഷണം പോകുന്നത് വലിയ വിഷയമാണെന്നും സമാന്തര പ്രോസസിംഗ് യൂണിറ്റും വിപണനവും നെല്ലിയാമ്പതി മേഖലയിൽ വ്യാപകമായിട്ടുണ്ടെന്നും ഫാമിൽ നിന്നുമുള്ള വിവിധ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്ന ബോട്ടിലിന്റെ മാതൃകയിലാണ് സമാന്തര വിൽപ്പന നടക്കുന്നതെന്നും ഫാമിൽ നിന്നും പഴവർഗ്ഗങ്ങൾ മോഷണം പോകുന്നുണ്ടെങ്കിലും അതു കണ്ടുപിടിക്കാൻ സാധിക്കുന്നില്ലെന്നും ഫാം സൂപ്രണ്ടിന്റെ വിശദീകരണത്തിൽ നിന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

20. ഫാം ഏരിയായിലെ മൂന്നുനാല് പോയിന്റുകളിൽ ലേബർ കം വാച്ച്മാനെ നിയമിക്കുന്നതിനു പകരം വാച്ച്മാനെ ഔട്ട്സോഴ്സ് ചെയ്ത് നിയമിക്കാനുള്ള അനുവാദം ലഭിച്ചാൽ ഒരു പരിധിവരെ മോഷണം തടയാൻ സാധിക്കുമെന്നും അതിർത്തികളിൽ മുഴുവനും OVF എന്നെഴുതിയ സർവ്വെ കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഫെൻസിംഗ് ചെയ്യാത്തതിന്റെ പ്രശ്നമുണ്ടെന്നും ചന്ദ്രാമല എസ്റ്റേറ്റുമായി ചില സ്ഥലങ്ങളിൽ അതിർത്തി തർക്കം നിലനിൽക്കുന്നതിനാൽ

ഫെൻസിംഗ് അത്യാവശ്യമാണെന്നും തൊഴിലാളികൾക്ക് റസ്റ്റ് ചെയ്യുന്നതിനും ഭക്ഷണം കഴിക്കുന്നതിനും സ്ഥിരം ഷെഡ്ഡുകളില്ലെന്നും താൽക്കാലികമായി നിർമ്മിച്ച് കൊടുത്ത ഷെഡ്ഡുകൾ മാത്രമാണുള്ളതെന്നും ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച ലേബർ പാഡികളിൽ പലതും താമസയോഗ്യമല്ലെന്നും നിലവിലുള്ള പാഡികളുടെ നവീകരണം നടത്തേണ്ടതും പുതിയ പാഡികൾ അടിയന്തരമായി നടപ്പിലാക്കേണ്ടതുമുണ്ടെന്നും ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന്റെ അപര്യാപ്തതയും നിലനിൽക്കുന്നുണ്ടെന്നും നിലവിലുള്ള ക്വാർട്ടേഴ്സുകൾ അടിയന്തരമായി നവീകരിക്കേണ്ടത് ആവശ്യമാണെന്നും ഫാമിൽ മതിയായ പരിശീലന കേന്ദ്രങ്ങളില്ലാത്തത് വലിയ പോരായ്മയാണെന്നും സെയിൽസ് കൗണ്ടറും നഴ്സറികളും കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ടെന്നും ഫാം സൂപ്രണ്ടിന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

21. നെല്ലിയാമ്പതിയിലെ മുഴുവൻ ഏരിയയിലും ഓറഞ്ച്, പാഷൻ ഫ്രൂട്ട്, പേരക്ക തുടങ്ങിയവയുടെ ഫലവൃക്ഷത്തൈകൾക്കും ജാതി, കുരുമുളക്, ഗ്രാമ്പൂ തുടങ്ങിയ സുഗന്ധവ്യഞ്ജന വിളകൾക്കും ഔഷധ സസ്യങ്ങൾക്കും പ്രാമുഖ്യം നൽകി വിള ആസൂത്രണ പദ്ധതി നടപ്പിലാക്കണമെന്നും തൊഴിലാളികളുടെ എണ്ണവും ഫാമിന്റെ വിസ്തൃതിയും മാനദണ്ഡമാക്കി ജീവനക്കാരുടെ അംഗസംഖ്യ പുനർനിർണ്ണയിക്കണമെന്നും 20 തൊഴിലാളികളുള്ള ഫാമുകളിൽപോലും നാല് കൃഷി അസിസ്റ്റന്റുമാരുടെ സേവനം ലഭിക്കുന്നുണ്ടെന്നും ഫാമിലെ കാര്യങ്ങൾ നോക്കാനായി ഒരു സ്പെഷ്യൽ ടീമിനെ നിയമിക്കാനും അവർക്ക് പ്രത്യേക ഇൻസെന്റീവ് നൽകാനും നടപടി സ്വീകരിക്കണമെന്നും ഫാം സൂപ്രണ്ട് സമിതി മുൻപാകെ ആവശ്യം ഉന്നയിച്ചു.

22. കഴിവും പ്രാപ്തിയുമുള്ള ജീവനക്കാർ ഫാമിൽ ജോലി ചെയ്യാൻ തയ്യാറായാൽ നല്ല റിസൾട്ടുണ്ടാക്കാൻ സാധിക്കുമെന്നും റിസൾട്ട് അടിസ്ഥാനമാക്കിയുള്ള ഗ്രൂപ്പ് സംവിധാനം ആരംഭിച്ചിട്ടുണ്ടെന്നും പെർഫോർമൻസിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് വേതന വർദ്ധനവ് നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും ജോലി ചെയ്തില്ലെങ്കിലും വേതന വർദ്ധനവ് ലഭിക്കുമെന്ന അവസ്ഥയാണുള്ളതെന്നും ഫാമിലെ 20 ശതമാനത്തോളം തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണെന്നും ഒരു തവണ മാത്രമേ സ്ഥലം മാറ്റാൻ സാധിക്കുകയുള്ളൂവെന്ന മാനദണ്ഡം പുതുക്കി നിശ്ചയിക്കണമെന്നും മുഴുവൻ തൊഴിലാളികൾക്കും ഐ.ഡി. കാർഡും യൂണിഫോമും നിർബന്ധമാക്കണമെന്നും പുതുതായി തൊഴിലാളികളെ നിയമിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ നിലവിലുള്ള മുഴുവൻ കാഷ്വൽ തൊഴിലാളികളെയും സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നും ഫുഡ് പ്രോസസിംഗ് യൂണിറ്റിൽ ഫുഡ് ടെക്നോളജിസ്റ്റിന്റെ സേവനം അത്യന്താപേക്ഷിതമാണെന്നുമുള്ള വിവിധ ആവശ്യങ്ങൾ ഫാം സൂപ്രണ്ട് സമിതി മുൻപാകെ ഉന്നയിച്ചു.

23. കരാറടിസ്ഥാനത്തിലെങ്കിലും ഒരു ഫുഡ് ടെക്നോളജിസ്റ്റിനെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേക്ക് കത്ത് അയച്ചെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും വിദഗ്ധനായൊരു ഫുഡ് ടെക്നോളജിസ്റ്റിന്റെ സേവനം ലഭ്യമായാൽ വിവിധ ഇനങ്ങളിലുള്ള ബോട്ടിൽ സ്ക്വാഷുകളുടെയും മറ്റ് ഉത്പന്നങ്ങളുടെയും എണ്ണം നിലവിലുള്ളതിനേക്കാൾ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും ജി.പി.എസ്. മുഖേനയുള്ള ഡിജിറ്റൽ സർവ്വേയിലൂടെ ഫാമിന്റെ അതിർത്തി വേലികെട്ടി സംരക്ഷിക്കണമെന്നും നിലവിൽ ഒരു ചെക്ക് ഡാം മാത്രമാണുള്ളതെന്നും നെല്ലിയാമ്പതിയിലെ മുഴുവൻ ഏരിയയിലും ജലം എത്തിക്കാൻ മൈക്രോ ഇറിഗേഷൻ പദ്ധതി കൊണ്ടുവരാൻ സാധിക്കുന്ന ജലസേചന സംവിധാനം നടപ്പിലാക്കണമെന്നും ഫാം സൂപ്രണ്ട് ആവശ്യപ്പെടുകയുണ്ടായി.

24. ഓരോ ബ്ലോക്കിലും ചെയിൻ ലിങ്ക്ഡ് സോളാർ ഫെൻസിംഗ് സ്ഥാപിക്കണമെന്നും ഓറഞ്ച് മെയിൻ തോട്ടത്തിൽ സോളാർ ഫെൻസിംഗ് ചെയ്തിട്ടുണ്ടെങ്കിലും അതൊക്കെ ആന നശിപ്പിക്കുകയാണെന്നും ആനയും മറ്റ് മൃഗങ്ങളും ഫെൻസിംഗ് നശിപ്പിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ ഒരു ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഫാമിലെ ഫുഡ് പ്രോസസിംഗ് യൂണിറ്റിലെ യന്ത്രസാമഗ്രികൾ കാലപ്പഴക്കം മൂലം ജീർണ്ണാവസ്ഥയിലാണെന്നും പൾപ്പിംഗ് യൂണിറ്റൊഴികെ ബാക്കിയുള്ള എല്ലാ പ്രവൃത്തിയും മാന്വലായാണ് ചെയ്യുന്നതെന്നും അതിന് ഐ.എസ്.ഒ. നിലവാരമുള്ള എഫ്.പി. യൂണിറ്റ് സ്ഥാപിക്കാനുള്ള പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടെന്നും ഫാം സൂപ്രണ്ടിന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

25. ജൈവ്-ന്റെ ഫാക്ടറിയിലുള്ള മെഷീനുകൾ നെല്ലിയാമ്പതി ഫാമിൽ സ്ഥാപിച്ചാൽ കുറേക്കൂടി കാര്യക്ഷമമായി ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും അവയുടെ എ.എം.സി., മൂന്ന്-നാല് വർഷത്തേയ്ക്ക് തൊഴിലാളികളുടെ വിദഗ്ധ. പരിശീലനം, യന്ത്രങ്ങളുടെ പരിപാലനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പഠിപ്പിച്ചുകൊടുക്കുന്ന രൂപത്തിലുള്ള സംവിധാനമുണ്ടാകണമെന്നും പാലക്കാട് ടൗൺ കേന്ദ്രീകരിച്ച് സെയിൽസ് കൗണ്ടർ അത്യാവശ്യമാണെന്നും ഫാം സൂപ്രണ്ട് സമിതി മുൻപാകെ ആവശ്യപ്പെട്ടു.

26. ഫാമിൽ പിക്ക് അപ് പോയിന്റില്ലാത്തതിനാൽ ഓൺലൈൻ മാർക്കറ്റിലൂടെയുള്ള വിപണനത്തിന് പ്രോഡക്ടുകൾ നെന്മാറ വരെ എത്തിച്ചുകൊടുക്കേണ്ട സ്ഥിതിയാണുള്ളതെന്നും ആയതിനാൽ പാലക്കാട് ടൗണിൽ ക്രമീകരണം ആവശ്യമാണെന്നും ഫാം സൂപ്രണ്ട് അറിയിച്ചതിൽ നിന്നും സമിതിക്ക് ബോധ്യമായി. കളക്ടറേറ്റിൽ ഔട്ട് ലെറ്റ് സ്ഥാപിക്കാനുള്ള സ്ഥലം ലഭിക്കുമോയെന്ന് പരിശോധിക്കാമെന്ന് പാലക്കാട് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ അറിയിച്ച സാഹചര്യത്തിൽ ഫാമിലെ ഉത്പന്നം വിപണനം നടത്തുന്നതിന് വേണ്ടിയുള്ള സംവിധാനമൊരുക്കണമെന്ന് നിർദ്ദേശിക്കാൻ

സമിതി തീരുമാനിച്ചു.

27. ജില്ലാ കൃഷി ഭവന്റെ കീഴിലുള്ള 64 ഫാമുകളും സന്ദർശിക്കുന്നതിന് ഫീസ് ഈടാക്കുന്നില്ലെന്നും പ്രസ്തുത വിഷയത്തിൽ നയപരമായ തീരുമാനം സർക്കാർ തലത്തിലുണ്ടാകണമെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ നൽകിയ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. മുതിർന്നവർക്ക് 25 രൂപയും കുട്ടികൾക്ക് 10 രൂപയുമെന്ന നിരക്കിൽ ഫീസ് ഈടാക്കാനായി കൗൺസിൽ തീരുമാനമെടുത്ത് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഫീസ് ഈടാക്കുന്നതാണെന്നും ഫാം സൂപ്രണ്ടും ജില്ലാ ഓഫീസിൽ നിന്നും പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെന്ന് അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ (ഫാംസ്) ഉം സമിതിയെ അറിയിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തരമായി തുടർനടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

28. ഫാമിലെ സെയിൽസ് കൗണ്ടറിൽ നിന്നും ദിനംപ്രതി 15000/- രൂപയുടെ ഉത്പന്നമാണ് വിറ്റഴിക്കപ്പെടുന്നതെന്നും ഉൽപ്പന്നങ്ങളുടെ വിപണനം മറ്റൊരു ഏജൻസിയെ ഏൽപ്പിക്കുന്നതാണ് ഉചിതമെന്നും മാർക്കറ്റിംഗ് പാർട്ട്ണർമാരാകാൻ എസ്.പി.ഒ.കളും കേപ് പോലുള്ള സ്ഥാപനങ്ങളും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുകയാണെന്നും വിപണന മേഖല മുഴുവൻ മാർക്കറ്റിംഗ് പാർട്ട്ണർ കൈകാര്യം ചെയ്യുകയാണെങ്കിൽ ഫാമിന് പ്രൊഡക്ഷനിലും മാനേജ്മെന്റ് കാര്യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുമെന്നും ഫാം സൂപ്രണ്ട് വിശദീകരിച്ചതിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു.

29. പാഷൻ ഫ്രൂട്ടും മറ്റ് ഉത്പന്നങ്ങളും പല സ്ഥലത്തായാണ് കൃഷി ചെയ്യുന്നതെന്നും ഇവ വിളവെടുത്ത് കൊണ്ടുവരാൻ ഒരു ട്രാക്ടറാണുള്ളതെന്നും ഒരു ചെറിയ പിക്ക്അപ് വാൻ ഉണ്ടെങ്കിൽ പുറത്തുനിന്നും വളങ്ങളും മറ്റും കൊണ്ടുവരാൻ സാധിക്കുമെന്നും തോട്ടത്തിനുള്ളിലൂടെ ഓടിക്കാൻ കഴിയുന്ന മിനി ട്രാക്ടർ കൂടിയുണ്ടെങ്കിൽ സൗകര്യപ്രദമാണെന്നും സമിതി മനസ്സിലാക്കുന്നു. ഫുഡ് പ്രോസസിംഗുമായി ബന്ധപ്പെട്ട് നിരവധി ആളുകൾ പരിശീലനത്തിനായി വരുന്നുണ്ടെന്നും പ്രസ്തുത ആവശ്യത്തിലേക്കായി ട്രെയിനിംഗ് ഹോസ്റ്റലിന്റെ പണി പൂർത്തീകരിക്കാനുണ്ടെന്നും ട്രെയിനിംഗ് ഹാളിന്റെ പണി പൂർത്തിയായി കഴിഞ്ഞാൽ നിശ്ചിത ഫീസ് ഈടാക്കി നേരിട്ട് പരിശീലനം നൽകാൻ സാധിക്കുന്നതാണെന്നും ഫാം സൂപ്രണ്ട് അറിയിച്ചതിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു.

30. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച ഓഫീസ് കെട്ടിടം ഫാമിലുണ്ടെന്നും പ്രസ്തുത കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിഞ്ഞുപോയതിനാൽ പുതുക്കി പണിയുന്നതിനായി പ്രൊപ്പോസൽ നൽകിയപ്പോൾ കെട്ടിടത്തിന് ഉറപ്പ് ഉണ്ടാകില്ലെന്ന കാരണത്താൽ പൊതുമരാമത്ത് വകപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം അനുമതി നിഷേധിച്ചിരിക്കുകയാണെന്നും തുടർന്ന് നിർമ്മിതി കേന്ദ്രം

എസ്റ്റിമേറ്റ് എടുത്ത് ഡയറക്ടറേറ്റിൽ അയച്ചെങ്കിലും എഞ്ചിനീയറിംഗ് വിംഗിൽ നിന്നും സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് തിരിച്ചയക്കുകയാണു ണ്ടായതെന്നും ഇക്കാര്യത്തിൽ നിലനിൽക്കുന്ന അനിശ്ചിതത്വം ഒഴിവാക്കി കിട്ടാൻ നടപടി ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു.

31. ഫാമിന്റെ ഭാവി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്ക് ടൂറിസം വകുപ്പിന്റെ സേവനം പ്രയോജനപ്പെടുത്താമെന്നും ടൂറിസത്തിന്റേതായാലും മറ്റ് പ്രോജക്ടുകളായാലും ഫണ്ട് ലഭിക്കുന്നതിന് തടസ്സമൊന്നുമില്ലെന്നും സമിതി മനസ്സിലാക്കുന്നു.

32. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഫാം മാതൃകാപരമായ പ്രവർത്തനമാണ് നടത്തുന്നതെന്നും ഭാവി പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിയുന്ന നിലയിൽ സർക്കാരിന്റെ സജീവ ഇടപെടലുകളുണ്ടാകണമെന്നും നിലവിൽ ഫാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നും മേൽ സൂചിപ്പിച്ച പദ്ധതികൾ പൂർണ്ണതോതിൽ നടപ്പിലാക്കാൻ സാധിച്ചാൽ നെല്ലിയാമ്പതി ഫാം ലാഭകരമാക്കാൻ സാധിക്കുമെന്നുറപ്പാണെന്നും സമിതി വിലയിരുത്തുന്നു. ഫാം മാനേജ്മെന്റ് വിചാരിച്ചാൽ മാത്രം പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കാനോ സ്ഥാപനം ലാഭകരമാക്കാനോ സാധിക്കില്ലെന്നും മാനേജ്മെന്റിനെ കൊണ്ട് കാര്യങ്ങൾ ചെയ്യിപ്പിക്കാൻ കൃഷി വകുപ്പ് മുൻകയ്യെടുക്കണമെന്നും സമിതി നിരീക്ഷിക്കുന്നു. ഫാമിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സർക്കാർ ഇടപെടലുകളുണ്ടായി ട്ടുണ്ടെന്നും ദീർഘകാലപാരമ്പര്യമുള്ള സ്ഥാപനം സ്വന്തമായി നിരവധി ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും ആയത് വിൽപ്പന നടത്തുന്നതിന് പാലക്കാട് ടൗണിൽ വിപണന കേന്ദ്രമില്ലെന്നത് ഗൗരവമായ വിഷയമാണെന്നും ആയതിനാൽ പാലക്കാട് ടൗണിൽ ഒരു വിപണനകേന്ദ്രം ആരംഭിച്ച് ഉത്പന്നങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് കൃഷി വകുപ്പ് മുൻകയ്യെടുക്കേണ്ടത് അത്യാവശ്യമാണെന്നും ഇതിനായി ജില്ലാ കളക്ടർ മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചതിനുശേഷം സർക്കാരിന്റെ അനുമതി ആവശ്യമുണ്ടെങ്കിൽ അത് വാങ്ങേണ്ടതാണെന്നും സമിതി വ്യക്തമാക്കുന്നു.

33. നെല്ലിയാമ്പതി ഫാമിന്റെ പ്രത്യേകതകളിലൊന്ന് മണ്ണിന്റെ ഗുണനിലവാരമാണെന്നും മികച്ച രീതിയിലാണ് തോട്ടങ്ങൾ നടത്തിവരുന്നതെന്നും ജൈവ വളവും ജൈവ ഉത്പന്നങ്ങളും കയറ്റുമതി ചെയ്യുന്ന യൂണിറ്റാണെന്നും സർക്കാർ മുഖാന്തരം പരിഹരിക്കേണ്ട വിഷയങ്ങളിന്മേൽ സമിതിയുടെ ഇടപെടലുണ്ടാകേണ്ടതാണെന്നും സമിതി നിരീക്ഷിക്കുന്നു. ടൂറിസം വകുപ്പിന്റെ സേവനം പ്രയോജനപ്പെടുത്തി നെല്ലിയാമ്പതിയിൽ ഫാം ടൂറിസം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സെപ്പറേറ്റ് ടൂറിസം വികസിപ്പിക്കുന്ന നിലപാട് സംസ്ഥാനത്ത് സ്വീകരിച്ചിട്ടുണ്ടെന്നും വൈദ്യുതി മേഖലയിൽ നേരത്തെ ടൂറിസം പദ്ധതി ആരംഭിക്കുകയും കൃഷി വകുപ്പ്

ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുത്ത് ഇറിഗേഷൻ ടൂറിസം വികസിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും അത്തരം സ്വതന്ത്രമായ പ്രോജക്ടിലേയ്ക്ക് നീങ്ങുമ്പോൾ ടൂറിസം വകുപ്പിന്റെ സേവനം കൂടി പ്രയോജനപ്പെടുത്തിയായിരിക്കണം ഫാമിന്റെ പ്രവർത്തനം മുന്നോട്ട് പോകേണ്ടതെന്നും സംസ്ഥാനത്ത് വളരെയേറെ സാധ്യതയുള്ള ഫാം ടൂറിസം ഫലപ്രദമായി വിനിയോഗിക്കുന്ന കാര്യത്തിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. വനം വകുപ്പിന്റെ സഹകരണമില്ലാത്തതിനാൽ ഫാം ടൂറിസത്തിന്റെ ഭാഗമായി ആരംഭിച്ച പല പ്രവർത്തനങ്ങളും നിലച്ചിരിക്കുകയാണെന്ന് വീക്ഷിച്ച സമിതി, ഇത്തരം പ്രവർത്തനങ്ങൾ പുനരാരംഭിച്ച് ഫാം ടൂറിസം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് ആലോചിക്കണമെന്ന് സർക്കാരിനോട് നിർദ്ദേശിക്കുന്നതിന് തീരുമാനിച്ചു. കൂടാതെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ ഫണ്ടിന്റെ അപര്യാപ്തത ഒരു വിഷയമല്ലാത്ത സാഹചര്യത്തിൽ തടസ്സമൊഴിവാക്കി ആയതിന് ക്രമീകരണമുണ്ടാക്കാൻ കൃഷി വകുപ്പിന് സാധിക്കുമെന്നും ഫാം സൂപ്രണ്ട് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസറെ ഇക്കാര്യങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ജില്ലാ ഓഫീസിൽ നിന്നും അഞ്ച് പേരെക്കൂടി നിയോഗിച്ചാൽ 4 മാസത്തിനുള്ളിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്നും ഫാം സൂപ്രണ്ട് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ തത്ക്കാലം ജില്ലാ ഓഫീസിൽ നിന്നും 4 ജീവനക്കാരെയെങ്കിലും ജോലിയുടെ പൂർത്തീകരണത്തിനായി നിയോഗിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടെന്നും ഫാമിൽ ഒരു ടൈപ്പിസ്റ്റിനെ മാത്രമാണ് നിയമിച്ചിട്ടുള്ളതെന്നും അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (ഫാംസ്) നൽകിയ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഓഫീസ് പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരില്ലാത്തതാണ് തൊഴിലാളികൾക്ക് ആനുകൂല്യ വിതരണത്തിന് കാലതാമസമെടുക്കുന്നതെന്ന ബന്ധപ്പെട്ട വകുപ്പിന്റെ ന്യായീകരണം ശരിയല്ലെന്ന് സമിതി വിലയിരുത്തുന്നു. കൃഷി വകുപ്പ് ആവശ്യമായ ജീവനക്കാരെ ചുമതലപ്പെടുത്തി ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

34. ഫാം തൊഴിലാളികൾക്കിടയിൽ അസംതൃപ്തിയുണ്ടാകാനിടവരുത്തുന്ന യാതൊരു കാര്യങ്ങളും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകരുതെന്നും തൊഴിലാളികളുടെ കാര്യശേഷി സ്ഥാപനത്തിന്റെ പുരോഗതിക്കുവേണ്ടി ഉപയോഗപ്പെടുത്താൻ സാധിക്കണമെന്നും തൊഴിലാളികളെക്കൊണ്ട് എട്ട് മണിക്കൂർ പൂർണ്ണമായി ജോലി ചെയ്യിപ്പിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടെന്നും സംസ്ഥാനത്തെ എല്ലാ ഫാമുകളിലും നിലനിൽക്കുന്ന ഇത്തരം പ്രശ്നങ്ങൾ

പരിഹരിക്കാൻ കൃഷി വകുപ്പിന് മാത്രമെ സാധിക്കുകയുള്ളൂവെന്നും തൊഴിലാളികൾക്ക് ജോലി ചെയ്യാനുള്ള മാനസികാവസ്ഥ സൃഷ്ടിച്ചാൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അവരുടെ അദ്ധ്വാനം ശരിയായ നിലയിൽ പ്രയോജനപ്പെടുത്താനും സാധിക്കുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെടുന്നു. ഫാമിന്റെ പ്രവർത്തനങ്ങൾക്കായി പിക്ക്-അപ് വാൻ, ട്രാക്ടർ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഫാം സൂപ്രണ്ട് നൽകിയ കത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കാൻ കൃഷി വകുപ്പ് തയ്യാറാകണമെന്നും സ്വകാര്യ വ്യക്തികൾക്ക് കൃഷി ഓഫീസ് മുഖാന്തരം വാടകയ്ക്ക് ട്രാക്ടർ നൽകുന്നതുപോലെ നെല്ലിയാമ്പതി ഫാമിന്റെ ആവശ്യത്തിനായി താൽക്കാലികാടിസ്ഥാനത്തിൽ വാഹനമനുവദിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

35. കൃഷി വകുപ്പ് ശ്രമിച്ചാൽ മാത്രമേ ഫാമിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്നും ആയതിലേയ്ക്ക് താൽപ്പര്യമുള്ളവരേയും ഫാമിന്റെ പ്രവർത്തനങ്ങളിൽ സ്ഥിരമായി ഇടപെടൽ നടത്താൻ കഴിയുന്ന സൂപ്രണ്ടിനെയും ജീവനക്കാരെയും നിയമിക്കണമെന്നും സമിതി വ്യക്തമാക്കുന്നു. ഫാം നല്ല നിലയിൽ കൊണ്ടുപോകാനുള്ള പരിശ്രമമൊന്നും നടക്കുന്നില്ലെന്നും കൃഷി വകുപ്പിന്റെ ഫാമുകളിൽ സൂപ്രണ്ടിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്നും നടീൽ വസ്തുക്കൾ, ഓർണമെന്റൽ പ്ലാന്റ്സ് എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിച്ചാൽ പഴവർഗ്ഗങ്ങളെക്കാൾ കൂടുതൽ ലാഭമുണ്ടാക്കാൻ സാധിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു.

36. പാലക്കാട് ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിൽ നാല് ഫാമുകളും ജില്ലാ പഞ്ചായത്തിന്റെ കീഴിൽ 5 ഫാമുകളുമാണ് പ്രവർത്തിക്കുന്നതെന്നും ഫാമുകളുടെ അതിർത്തി സംരക്ഷിക്കാനുള്ള നടപടികളുടെ ഭാഗമായി ഡിജിറ്റൽ സർവ്വെ നടത്തി ഫെൻസിംഗ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസറുടെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ അതിർത്തി നിർണ്ണയിച്ച് സർവ്വെ നടത്തിയെന്നാണ് വകുപ്പ് അവകാശപ്പെടുന്നതെന്നും ഓഡിറ്റ് റിപ്പോർട്ടിൽ ഫാമുകളുടെ അതിർത്തി നിർണ്ണയിക്കപ്പെട്ടിട്ടില്ലെന്നാണ് സൂചിപ്പിച്ചിരിക്കുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. ഫാമിന് അവകാശപ്പെട്ട മുഴുവൻ ഭൂമിയും നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധന നടത്തണമെന്നുണ്ടെങ്കിൽ സർവ്വേ നടത്തി അതിർത്തി നിർണ്ണയിക്കപ്പെടണമെന്നും ഭൂമി സർവ്വെയർമാരെ നിയോഗിച്ച് അളന്ന് തിട്ടപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

37. ഫാമിന്റെ ഭൂമി അളന്നു തിട്ടപ്പെടുത്തുന്ന കാര്യത്തിൽ കൃഷി വകുപ്പിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ട് ആയതിൽ തുടർ നടപടി ഉണ്ടായിട്ടില്ല എന്ന് സമിതി മനസിലാക്കുന്നു. സർവ്വെ-റവന്യൂ വകുപ്പുകളുടെ സംയുക്ത യോഗം കൃത്യമായ സമയം നിശ്ചയിച്ച് കളക്ടറുടെ സാന്നിദ്ധ്യത്തിൽ

വിളിച്ച് ചേർത്ത് സർവ്വേ നടത്താനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

38. പാലക്കാട് - കോഴിക്കോട് ഗ്രീൻ ഫീൽഡ് ഹൈവേ പ്രോജക്ടിനായി താലൂക്ക് തലത്തിലുള്ള സർവ്വെയർമാരെ നിയോഗിച്ചിട്ടുള്ളതിനാൽ ഫാമിന്റെ ഭൂമി സംബന്ധിച്ച ഡിജിറ്റൽ സർവ്വെ നടത്തുന്നതിനായി സർവ്വെയർമാരുടെ ദൗർലഭ്യം നേരിടുന്നുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയത്തിൽ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ മുൻകയ്യെടുത്ത് കളക്ടറുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് സമയം നിശ്ചയിക്കണമെന്നും പ്രസ്തുത യോഗത്തിൽ സർവ്വെയർമാരുടെ ലഭ്യത സംബന്ധിച്ച് അറിയാൻ സാധിക്കണമെന്നും മൂന്ന് മാസത്തിനുള്ളിൽ സർവ്വെ നടപടി പൂർത്തീകരിക്കണമെന്നും സർവ്വെ നടപടികൾ പൂർത്തീകരിക്കുമ്പോൾത്തന്നെ അളന്ന് തിട്ടപ്പെടുത്തുന്ന ഭൂമിയിൽ ഫെൻസിംഗ് ചെയ്യാനുള്ള നടപടി ഡെപ്യൂട്ടി കളക്ടർ കൃഷി വകുപ്പിനെ കൊണ്ട് ചെയ്യിക്കണമെന്നും സമിതി വ്യക്തമാക്കുന്നു.

39. ഫാമിന്റെ അതിർത്തികൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതോടൊപ്പം ഭൂമി മറ്റേതെങ്കിലും വകുപ്പോ, സ്വകാര്യ വ്യക്തികളോ കയ്യേറിയിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. ചന്ദ്രാമല എസ്റ്റേറ്റുമായി അതിർത്തി തർക്കം നിലനിൽക്കുന്നുണ്ടെന്നും ഫാമിന്റെ ഏരിയ പ്രസ്തുത എസ്റ്റേറ്റിന്റേതാണെന്ന് അവകാശപ്പെടുന്നുണ്ടെന്നും ഫാമിന്റെ അതിർത്തി കല്ലുകൾ അവിടെ സ്ഥാപിച്ചിട്ടുള്ളപ്പോഴും ടി സ്ഥലം ചന്ദ്രാമല എസ്റ്റേറ്റിന്റേതാണെന്നാണ് വനം വകുപ്പ് അവകാശപ്പെടുന്നതെന്നും ഫാം സൂപ്രണ്ടിന്റെ മറുപടിയിൽ നിന്നും സമിതിക്ക് ബോധ്യമുണ്ട്.

40. ഫാമിന്റെ വിപണന കേന്ദ്രം കളക്ടറേറ്റ് കോമ്പൗണ്ടിൽ ആരംഭിക്കാനുള്ള സൗകര്യമൊരുക്കാമെന്ന് പാലക്കാട് ഡെപ്യൂട്ടി കളക്ടർ (എൽ എ) സമിതിയെ അറിയിച്ച സാഹചര്യത്തിൽ കൃഷി വകുപ്പുദ്യോഗസ്ഥർ കളക്ടറേറ്റുമായി ബന്ധപ്പെട്ടശേഷം അനുയോജ്യമായ സ്ഥലം തെരഞ്ഞെടുത്താൽ മതിയെന്ന് സമിതി അഭിപ്രായപ്പെടുന്നു.

41. നെല്ലിയാമ്പതി ഫാമിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. മറ്റ് ഫാമുകളിൽ ഇതുപോലുള്ള പോരായ്മകളുണ്ടോയെന്ന് പരിശോധിച്ച് സർക്കാർ തലത്തിൽ ഇടപെടൽ നടത്തി പരിഹാരം കാണേണ്ടതാണെന്നും നെല്ലിയാമ്പതി ഫാമിലെ വിഷയങ്ങൾ കൃഷി വകുപ്പ് മുഖാന്തരം പരിഹരിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

42. കൃഷി വകുപ്പിന് പുറത്തുള്ള സ്ഥാപനങ്ങളായ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കിറ്റിംഗ് ഫെഡറേഷനും കെ.ടി.ഡി.സി. ക്കും ഫാമിന്റെ അധീനതയിലുള്ള ഭൂമി കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ടെന്നും 64 ഫാമുകളെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടെന്നും 64 ഫാമുകളിൽ നിന്നായി 252 ഹെക്ടർ സ്ഥലം ഇപ്രകാരം വിട്ടുനൽകിയിട്ടുണ്ടെന്നും

അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ (ഫാംസ്)-ന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഫാമിന് അന്യാധീനപ്പെട്ടുപോയ എത്ര സ്ഥലമുണ്ടെന്നത് സംബന്ധിച്ച് കൃഷി വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമേ പരിശോധന നടത്താൻ സാധിക്കുകയുള്ളൂവെന്നതിനാൽ ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കൃഷി വകുപ്പിനോട് നിർദ്ദേശിക്കാൻ സമിതി തീരുമാനിച്ചു.

43. എല്ലാ ഫാമുകളിലെയും ഭൂമി സംബന്ധിച്ച് പഠനം നടത്തിയപ്പോൾ 252.5671 ഹെക്ടർ ഭൂമിയാണ് മറ്റുപല കാര്യങ്ങൾക്കുമായി വിട്ടുനൽകിയതെന്നും നേരത്തെയുണ്ടായിരുന്ന 2145 ഹെക്ടറിൽ 252.5671 ഹെക്ടർ മറ്റാവശ്യങ്ങൾക്കായി കൊടുത്തതിനുശേഷം ആകെ 1894.68 ഹെക്ടർ ഭൂമി മാത്രമാണ് 64 ഫാമുകളിലായി അവശേഷിക്കുന്നതെന്നും സർക്കാരിലേയ്ക്ക് ഭൂമി കൈമാറിയതിന്റെ യഥാർത്ഥ കണക്കാണിതെന്നും അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ (ഫാംസ്) നൽകിയ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

44. ജില്ലാ പഞ്ചായത്തിന്റെയും വകുപ്പിന്റെ അധീനതയിലുള്ള ഫാമുകളിലെയും സ്ഥലം യാതൊരു കാരണവശാലും അന്യാധീനപ്പെട്ടു പോകരുതെന്ന് മാത്രമല്ല മുഴുവൻ ഭൂമിയും കൃഷിക്ക് ഉപയുക്തമാക്കാനുള്ള നിർദ്ദേശം വകുപ്പ് മുഖാന്തരം നൽകുകയും ആയത് നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും വേണമെന്നും പ്രസ്തുത തീരുമാനങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നതിനായി മേൽനോട്ട സംവിധാനം ഏർപ്പെടുത്തണമെന്നും എല്ലാ ഫാമുകളും ലാഭത്തിലേയ്ക്ക് കൊണ്ടുവന്ന് കാർഷികാവശ്യങ്ങൾ നിറവേറ്റാനുള്ള ലക്ഷ്യം കൈവരിക്കണമെന്നും സമിതി വ്യക്തമാക്കുന്നു. സംസ്ഥാനത്താകെ കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിൽ ഫാമുകളുടെ സംഭാവന വലുതാണെന്നും സമിതി നിരീക്ഷിക്കുന്നു.

45. നിലവിൽ ഫാം കൗൺസിലിന്റെ ചെയർമാൻ ജില്ലാ പഞ്ചായത്ത് ചെയർമാനാണെന്നും ജില്ലാ പഞ്ചായത്തിന് ഫാമിന്റെ ഭരണനിർവ്വഹണത്തിലോ മറ്റ് കാര്യങ്ങളിലോ നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ സർക്കാരിനുവേണ്ടി കൃഷി വകുപ്പാണ് ഫാമിന്റെ നേതൃത്വം വഹിക്കുന്നതെന്നും സർക്കാർ തലത്തിൽ നിരന്തരം ബന്ധപ്പെടുന്ന സ്ഥാപനമെന്ന നിലയിൽ ഫാം കൗൺസിലിന്റെ ചെയർമാൻ എം.എൽ.എ. ആയിരിക്കണമെന്നും ഇത് കേരളത്തിലെ എല്ലാ ഫാമുകൾക്കും ബാധകമാകുന്ന തരത്തിൽ ആയിരിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

46. ഫാം സന്ദർശനത്തിന്റെയും വിവിധ വകുപ്പുദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

## ശിപാർശകൾ/നിർദ്ദേശങ്ങൾ

47. 204 ഹെക്ടർ വിസ്തൃതി വരുന്ന നെല്ലിയാമ്പതി കൃഷി ഫാമിൽ 91 സ്ഥിരം ജീവനക്കാരും 66 കാഷ്വൽ ജീവനക്കാരും 3 കൃഷി അസിസ്റ്റന്റുമാരും ഉൾപ്പെടെ 160 തൊഴിലാളികൾ മാത്രമാണ് ഉള്ളതെന്നും വിസ്തൃതിക്ക് അനുസരിച്ചുള്ള തൊഴിലാളികൾ നിലവിൽ ഇല്ലെന്നും ഉള്ളവരിൽത്തന്നെ കാര്യശേഷി കുറഞ്ഞവരും ജോലി നിർവഹണത്തിൽ താല്പര്യക്കുറവുള്ളവരും രോഗാവസ്ഥയിലുള്ളവരുമുണ്ടെന്നും സമിതി മനസിലാക്കുന്നു. ഫാമിലെ പ്രവർത്തനങ്ങളിൽ താത്പര്യമുള്ളവരെയും തൊഴിൽ വൈദഗ്ധ്യം ഉള്ളവരെയും പരിചയ സമ്പന്നരായവരെയും കാര്യശേഷിയുള്ളവരെയും ചുരുങ്ങിയത് 5 വർഷത്തേക്കെങ്കിലും നിയമിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

48. ഫാമിലെ ജീവനക്കാർക്ക് സാധാരണ ലഭിക്കുന്ന കാഷ്വൽ ലീവ്, സിക്ക് ലീവ് എന്നിവയ്ക്ക് പുറമേ ആശുപത്രിയിൽ പോകുന്നതിനായി മാസത്തിൽ മൂന്ന് തവണ അനുവദിക്കുന്ന പെർമിഷൻ ലീവ് ജീവനക്കാർ ദുരുപയോഗം ചെയ്യുന്നതായി സമിതി മനസിലാക്കുന്നു. ജീവനക്കാർക്ക് കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമേ പെർമിഷൻ ലീവ് അനുവദിക്കാവൂ എന്ന് സമിതി നിർദേശിക്കുന്നു.

49. ഫാമിൽ അടിക്കടിയുള്ള വൈദ്യുതി മുടക്കവും ഇന്റർനെറ്റ് സൗകര്യത്തിന്റെ അപര്യാപ്തതയും ഫാമിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു എന്ന് സമിതി മനസിലാക്കുന്നു. ഇക്കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

50. ഫാമിലെ പഴവർഗ്ഗങ്ങൾ മോഷണം പോകുന്നതായും നെല്ലിയാമ്പതി മേഖലയിൽ സമാന്തര ഫുഡ് പ്രോസസിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും വിപണനവും വ്യാപകമായി ഉള്ളതായും ഫാമിലെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്ന ബോട്ടിലിന്റെ മാതൃകയിൽ സമാന്തര വില്പന നടത്തുന്നതായും സമിതി മനസിലാക്കുന്നു. മോഷണം തടയുന്നതിന് ഫാമിന്റെ വിവിധ മേഖലകളിൽ വാച്ച്മാന്റെ സേവനം ലഭ്യമാക്കുന്നതിനായി സ്ഥാപനത്തിന്റെ പുറത്തുനിന്ന് ജീവനക്കാരെ ഔട്ട് സോഴ്സ് ചെയ്ത് നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51. തൊഴിലാളികൾക്ക് വിശ്രമിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും സ്ഥിര സംവിധാനമില്ലെന്നും ലേബർ പാഡികൾ പലതും താമസയോഗ്യമല്ലെന്നും സമിതി വിലയിരുത്തുന്നു. ലേബർ പാഡികൾ നവീകരിക്കണമെന്നും പുതിയ പാഡികൾ നിർമിച്ചുനൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

52. ഫാമിലെ ജീവനക്കാർ താമസിക്കുന്ന ക്വാർട്ടേഴ്സുകൾ വാസയോഗ്യമല്ല എന്ന് സമിതി മനസിലാക്കുന്നു. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ വാസയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

53. ഫാമിൽ മതിയായ പരിശീലന കേന്ദ്രങ്ങൾ ഇല്ലാത്തത് വലിയ പോരായ്മയാണെന്ന് ഫാം സൂപ്രണ്ടിന്റെ വിശദീകരണത്തിൽ നിന്ന് സമിതിക്ക് ബോധ്യമായ സാഹചര്യത്തിൽ ആവശ്യമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു. കൂടാതെ ഫാമിലെ സെയിൽസ് കൗണ്ടറും നഴ്സറികളും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

54. നെല്ലിയാമ്പതി ഗവ. ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിലെ സുഗന്ധ വ്യഞ്ജന വിളകൾക്കും ഔഷധ സസ്യങ്ങൾക്കും പ്രാമുഖ്യം നൽകിക്കൊണ്ട് വിള

ആസൂത്രണ പദ്ധതി നടപ്പാക്കുന്ന കാര്യത്തിലും തൊഴിലാളികളുടെ കുറവു പരിഗണിച്ച് നിലവിലെ ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകി അവരുടെ സേവനം കാര്യക്ഷമമാക്കുന്ന കാര്യത്തിലും പ്രത്യേക ശ്രദ്ധ ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. സംസ്ഥാനത്തെ ഫാമുകൾക്ക് പ്രത്യേക പരിഗണന നൽകണമെന്നും ഫാമിലെ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിന് ആവശ്യമായ സംവിധാനമൊരുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. പാലക്കാട് ടൗണിൽ ഒരു വിപണനകേന്ദ്രം ആരംഭിച്ച് ഫാമിലെ ഉൽപന്നങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് കൃഷി വകുപ്പ് മുൻകയ്യെടുക്കേണ്ടത് അത്യാവശ്യമാണെന്നും ഇതിനായി ജില്ലാ കളക്ടർ മുമ്പാകെ പ്രൊപ്പോസൽ സമർപ്പിക്കണമെന്നും ഇക്കാര്യത്തിൽ സർക്കാരിന്റെ അനുമതി ആവശ്യമുള്ളപക്ഷം ആയത് വാങ്ങേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. ഫാമിലെ ഉല്പന്നങ്ങളുടെ മാർക്കറ്റിംഗിനായി ഒരു ഏജൻസിയെ ഏൽപ്പിക്കുകയോ മാർക്കറ്റിംഗ് ഓഫീസറെ നിയമിക്കുകയോ ചെയ്താൽ വിൽപന വർദ്ധിക്കുമെന്നും ഫാമിന് ഉല്പാദന കാര്യത്തിലും മാനേജ്മെന്റ് കാര്യത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുമെന്നും സമിതി കരുതുന്നു.

55. നെല്ലിയാമ്പതി കൃഷി ഫാമിലെ ഫുഡ് പ്രോസസിംഗ് യൂണിറ്റിൽ മെഷീനറികൾ ഇല്ല എന്നും ISO സ്റ്റാന്റേർഡിൽ ഉള്ള ഫുഡ് പ്രോസസിംഗ് മെഷിനറി യൂണിറ്റ് സ്ഥാപിച്ചാൽ ഫാമിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും യൂണിറ്റിൽ ഒരു ഫുഡ് ടെക്നോളജിസ്റ്റിന്റെ സേവനം അനിവാര്യമാണെന്നും സമിതി വിലയിരുത്തുന്നു. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഫാമിൽ ISO സ്റ്റാന്റേർഡിലുള്ള ഫുഡ് പ്രോസസിംഗ് മെഷിനറി യൂണിറ്റ് സ്ഥാപിച്ച് പ്രസ്തുത യൂണിറ്റിൽ ഒരു ഫുഡ് ടെക്നോളജിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. നിലവിൽ ഫാമിൽ ഒരു ചെക്ക് ഡാം മാത്രമാണുള്ളതെന്നും ഇത് ഫാമിന്റെ ആവശ്യങ്ങൾക്ക് അപര്യാപ്തമായതിനാൽ ഫാമിലെ മുഴുവൻ ഏരിയയിലും ജലം എത്തിക്കാൻ മൈക്രോ ഇറിഗേഷൻ പദ്ധതി കൊണ്ടുവരാൻ സാധിക്കുന്ന ജലസേചന സംവിധാനം നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

57. നെല്ലിയാമ്പതി ഫാം സന്ദർശിക്കുന്നവരിൽ നിന്നും നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കണമെന്നും ആയതിന് ജില്ലാ ഓഫീസിൽ നിന്ന് നൽകിയ പ്രൊപ്പോസലിന് അനുമതി നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

58. വനം വകുപ്പിന്റെ സഹകരണമില്ലാത്തതിനാൽ ഫാം ടൂറിസത്തിന്റെ ഭാഗമായി ആരംഭിച്ച പല പ്രവർത്തനങ്ങളും നിലച്ചിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. വനം വകുപ്പിന്റെ കൂടി സഹകരണം ഉറപ്പാക്കി ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

59. ഫാം തൊഴിലാളികൾക്കിടയിൽ അസംതൃപ്തിയുണ്ടാകാനിടവരുത്തുന്ന യാതൊരു കാര്യങ്ങളും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകരുതെന്നും തൊഴിലാളികളുടെ കാര്യശേഷി സ്ഥാപനത്തിന്റെ പുരോഗതിക്കുവേണ്ടി ഉപയോഗപ്പെടുത്താൻ തക്കതായ ഒരു തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഓഫീസ് പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരില്ലാത്തത് തൊഴിലാളികൾക്ക് ആനുകൂല്യ വിതരണമടക്കമുള്ള കാര്യങ്ങൾക്ക് കാലതാമസം വരുത്തുന്നതിനാൽ ആവശ്യമായ ജീവനക്കാരെ ചുമതലപ്പെടുത്തി ആനുകൂല്യങ്ങൾ

എത്രയും പെട്ടെന്ന് വിതരണം ചെയ്യാനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

60. നെല്ലിയാമ്പതി ഫാമിന്റെ പ്രവർത്തനങ്ങൾക്കായി പിക്ക് അപ് വാൻ, ട്രാക്ടർ എന്നീ വാഹനങ്ങൾ താൽക്കാലികാടിസ്ഥാനത്തിൽ അനുവദിക്കാൻ കൃഷി വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

61. ഫാമിന് അവകാശപ്പെട്ട ഭൂമി സർവ്വെയർമാരെ നിയോഗിച്ച് അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം ഭൂമി മറ്റേതെങ്കിലും വകുപ്പ് / സ്വകാര്യ വ്യക്തി കയ്യേറിയിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും സർവ്വെ നടപടികൾ പൂർത്തീകരിച്ചാലുടൻ അതിർത്തി നിർണ്ണയിച്ച് ഫെൻസിംഗ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദേശിക്കുന്നു.

62. ഫാമിന്റെ അധീനതയിൽ ഉണ്ടായിരുന്നതും അന്യാധീനപ്പെട്ട പോയതുമായ സ്ഥലങ്ങളെ സംബന്ധിച്ച് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കൃഷി വകുപ്പിനോട് സമിതി നിർദേശിക്കുന്നു. കൂടാതെ ഫാമിൽ തരിശായി കിടക്കുന്ന സ്ഥലം കൃഷിക്കുവേണ്ടി ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദേശിക്കുന്നു.

63. ജില്ലാ പഞ്ചായത്തിന്റെയും കൃഷി വകുപ്പിന്റെയും അധീനതയിലുള്ള സ്ഥലം യാതൊരു കാരണവശാലും അന്യാധീനപ്പെട്ടുപോകരുതെന്ന് മാത്രമല്ല മുഴുവൻ ഭൂമിയും കൃഷിക്ക് ഉപയുക്തമാക്കാനുള്ള നിർദേശം വകുപ്പ് മുഖാന്തരം നൽകുകയും ആയത് നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും വേണമെന്നും പ്രസ്തുത തീരുമാനങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നതിനായി മേൽനോട്ട സംവിധാനം ഏർപ്പെടുത്തണമെന്നും എല്ലാ ഫാമുകളും ലാഭത്തിലേയ്ക്ക് കൊണ്ടുവന്ന് കാർഷികാവശ്യങ്ങൾ നിറവേറ്റാനുള്ള ലക്ഷ്യം കൈവരിക്കണമെന്നും സമിതി നിർദേശിക്കുന്നു.

64. നിലവിൽ ഫാം കൗൺസിലിന്റെ ചെയർമാൻ ജില്ലാ പഞ്ചായത്ത് ചെയർമാനാണെന്നും ജില്ലാ പഞ്ചായത്തിന് ഫാമിന്റെ ഭരണനിർവ്വഹണത്തിലോ മറ്റ് കാര്യങ്ങളിലോ നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ സർക്കാരിനുവേണ്ടി കൃഷി വകുപ്പാണ് ഫാമിന്റെ നേതൃത്വം വഹിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. സർക്കാർ തലത്തിൽ നിരന്തരം ബന്ധപ്പെടുന്ന സ്ഥാപനമെന്ന നിലയിൽ ഫാം കൗൺസിലിന്റെ ചെയർമാൻ എം.എൽ.എ. ആയിരിക്കണമെന്നും ഇത് കേരളത്തിലെ എല്ലാ ഫാമുകൾക്കും ബാധകമാകുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവിറക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 മാർച്ച് 20